"ഭരണഭാഷ-മാതൃഭാഷ"

Azadi Ka Amrit Mahotsav

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ട്രഷറി ഡയറക്ടറേറ്റിലെ ഇ-ട്രഷറി സെക്ഷൻ സീനിയർ സൂപ്രണ്ടിനെ ഇ-ട്രഷറിയുടെ ഡ്രായിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസറായി നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(സാധാ) നം. 6407/2022/ധന.** **തീയതി, തിരുവനന്തപുരം, 17.09.2022**

---

പരാമർശം :- 1. 15.01.2022-ലെ 04/2022/ധന നമ്പർ പരിപത്രം.

2. ട്രഷറി ഡയറക്ടറുടെ 08.06.2022, 04.08.2022 തീയതികളിലെ TRY/1364/2022-E1 നമ്പർ കത്തുകൾ.

**ഉത്തരവ്**

എല്ലാ ചീഫ് കൺട്രോളിംങ് ഓഫീസർമാരും ഡ്രായിങ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരും ഓൺലൈൻ മോഡ് മുഖേനയും റീകൺസിലിയേഷൻ നടത്തേണ്ടതാണെന്നും ഇതിൽ വീഴ്ച വരുത്തുന്ന വകുപ്പുകളുടെ അലോട്ട്മെന്റ് മരവിപ്പിക്കുന്നതാണെന്നും പരാമർശം 1 പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. സംസ്ഥാനത്തെ ട്രഷറികളിൽ ജില്ലാതല ഓഫീസർമാരാണ് (ജില്ലാ ട്രഷറി ഓഫീസർ) അക്കൗണ്ടന്റ് ജനറലിന് അക്കൗണ്ട് സമർപ്പിക്കുന്നത്. ട്രഷറി ഡയറക്ടറേറ്റിലെ സമാന തസ്തിക അസിസ്റ്റന്റ് ഡയറക്ടറാണ്. നിലവിൽ ഇ-ട്രഷറി അക്കൗണ്ടുകൾ അക്കൗണ്ടന്റ് ജനറലിന് അയക്കുന്നത് ഇ-ട്രഷറി ഓഫീസറായ അസിസ്റ്റന്റ് ഡയറക്ടറാണ്. എന്നാൽ അസിസ്റ്റന്റ് ഡയറക്ടർ ഡയറക്ടറേറ്റ് എസ്റ്റാബ്ലിഷ്മെന്റിന്റെ ഡി.ഡി.ഒ ആയതിനാലും ട്രഷറി ഡയറക്ടറേറ്റിന്റെ അക്കൗണ്ടുകൾ അക്കൗണ്ടന്റ് ജനറലിന് നിലവിൽ സമർപ്പിക്കുന്നത് തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിന്നായതിനാലും ടി ചുമതല അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകാൻ സാധിക്കുന്നതല്ല എന്നും മറ്റ് സമാന പോസ്റ്റുകൾ/ തസ്തികകൾ ട്രഷറി ഡയറക്ടറേറ്റിൽ ലഭ്യമല്ലാത്തതിനാൽ ഇ-ട്രഷറിയുടെ ഡി ഡി ഒ ആയി ട്രഷറി ഡയറക്ടറേറ്റിലെ ഒരു സീനിയർ സൂപ്രണ്ടിന് ചുമതല നൽകി നിയമിക്കണമെന്ന് ട്രഷറി ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ട്രഷറി ഡയറക്ടറേറ്റിലെ ഇ-ട്രഷറി സെക്ഷൻ സീനിയർ സൂപ്രണ്ടിനെ ഇ-ട്രഷറിയുടെ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറായി നിയോഗിച്ച് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ.ഒ.ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ)കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഇ-ഫയൽ 2133350)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ